"ഭരണഭാഷ- മാതൃഭാഷ".

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-10-02-2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - എടക്കാട് ബ്ലോക്ക് പഞ്ചായത്ത്-RRF കേന്ദ്രത്തിന് വേണ്ടി പഴയ എടക്കാട് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പണി ചെയ്ത കെട്ടിടം മറ്റാവശ്യങ്ങൾക്കായി വിട്ടു നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.544/2022/LSGD തീയതി,തിരുവനന്തപുരം, 07-03-2022

---

പരാമർശം:- 1. കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.01.2022 ലെ കത്ത്

2. 10.02.2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.24-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ പഴയ ഓഫീസ് കെട്ടിടം നിലനിന്നിരുന്ന കോമ്പൗണ്ടിൽ 2018-19 വർഷം RRF നു വേണ്ടി 17,24,080/- രൂപ വകയിരുത്തി കെട്ടിടം നിർമ്മിച്ചിരുന്നു. എന്നാൽ പ്രദേശ വാസികളുടെ പ്രതിഷേധം കാരണം ഇവിടെ RRF കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞില്ല. അതിനാൽ ഈ കെട്ടിടം വ്യവസായ സംരംഭം തുടങ്ങുന്നതടക്കമുള്ള മറ്റാവശ്യങ്ങൾക്ക് വിട്ടുകൊടുത്തു കൊണ്ട് RRF നു വേണ്ടി മറ്റൊരു സ്ഥലത്ത് കെട്ടിടം പണിയാൻ ഉദ്ദേശിക്കുന്നതായും ആയതിന് അനുമതി നൽകണമെന്നും പരാമർശം(1) പ്രകാരം അപേക്ഷിക്കുകയുണ്ടായി. RRF കേന്ദ്രത്തിനായി 4 2 ലക്ഷം രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും അറിയിച്ചു. അപേക്ഷ കോഓർഡിനേഷൻ സമിതി പരിഗണിക്കുകയും RRF-ന് വേറെ കെട്ടിടം പണിത് പ്രവർത്തനം ആരംഭിച്ചതിനു ശേഷം മാത്രമേ ഈ കെട്ടിടം മറ്റ് ആവശ്യത്തിനു വിട്ടു നൽകാവൂ എന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ പഴയ ഓഫീസ് കെട്ടിടം നിലനിന്നിരുന്ന കോമ്പൗണ്ടിൽ 2018-19 വർഷം RRF കേന്ദ്രത്തിനു വേണ്ടി നിർമ്മിച്ച കെട്ടിടം, RRF-ന് വേറെ കെട്ടിടം പണിത് പ്രവർത്തനം ആരംഭിച്ചതിനു ശേഷം മറ്റ് ആവശ്യത്തിനു വിട്ടു നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡണ്ട്/സെക്രട്ടറി, എടക്കാട് ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ
ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Nisam N**
**Date: 07-03-2022 15:17:53**
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്